തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ പോലീസ് സ്റ്റേഷൻ

70(276) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇക്കാര്യം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

വെട്ടിയാറിൽ പോലീസ് സ്റ്റേഷൻ

71(277) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ വെട്ടിയാർ കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ വേണമെന്ന ആവശ്യത്തിന്മേൽ പോലീസ് സൂപ്രണ്ട് സമർപ്പിച്ച റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഒരു പോലീസ് ഔട്ട് പോസ്റ്റുള്ള വെട്ടിയാറിൽ അടിയന്തരമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) എന്തൊക്കെ കാരണങ്ങളാലാണ് വെട്ടിയാർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന നടപടി വൈകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ആലപ്പുഴ ജില്ലയിലെ വെട്ടിയാറിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള പ്രൊപ്പോസൽ രണ്ടു പ്രാവശ്യം (2005, 2007 വർഷങ്ങളിൽ) സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാരിന്റെ സാമ്പത്തികനില മെച്ചമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതിലേക്കായി മാറ്റി വയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly